# വ്യക്തിപരമായ വിശദീകരണം

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, കമ്മ്യൂണിസ്റ്റ് വിരുദ്ധ ജ്വരം വല്ലാതെ ബാധിച്ച ഒരാളാണ് എന്റെ ബഹുമാന്യനായിട്ടുള്ള സഹപ്രവർത്തകൻ ശ്രീ. പി. ടി. തോമസ്. (...ബഹളം......)

മി. സ്പീക്കർ: അദ്ദേഹത്തെ സംബന്ധിച്ച് പറഞ്ഞ പരാമർശം അദ്ദേഹം വിശദീകരിക്കുകയാണ്. ...... പ്ലീസ് ഇരിക്കു....ഇരിക്കു...

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അതുകൊണ്ടാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ മലപ്പുറം ഉപതെരഞ്ഞെടുപ്പിനുശേഷം ഞാൻ എന്തോ തെറ്റായിട്ടുള്ള ഒരു സ്റ്റേറ്റുമെന്റ് നടത്തിയെന്ന ധ്വനി വരുന്ന തരത്തിൽ ഒരു പ്രസ്താവന നടത്താൻ തയ്യാറായത്. മലപ്പുറം ഉപതെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിനുണ്ടായിട്ടുള്ള മുന്നേറ്റം മതനിരപേക്ഷതയുടെ മുന്നേറ്റം തന്നെയാണ്. കഴിഞ്ഞ പ്രാവശ്യത്തെക്കാൾ ഒരു ലക്ഷം വോട്ട് അധികം ലഭിക്കുകയുണ്ടായി. ഞാൻ പറഞ്ഞത്, ലീഗ് അവിടെ ജയിക്കാൻ സാധ്യതയുള്ള ഒരു തെരഞ്ഞെടുപ്പ് തന്നെയായിരുന്നുവെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. ബഹുമാന്യനായിട്ടുള്ള അഹമ്മദിനേക്കാൾ കൂടുതൽ ഭൂരിപക്ഷം ആഗ്രഹിച്ച ലീഗ് അവിടെ മതന്യൂനപക്ഷ വർഗ്ഗീയതയെ പ്രോത്സാഹിപ്പിച്ചുവെന്നാണ്

ഞാൻ പറഞ്ഞത്. ഞാൻ മലപ്പുറം ജില്ലയെ സംബന്ധിച്ച് ഒന്നും തന്നെ പറയാൻ തയ്യാറായിട്ടില്ല.